**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1862** **13-02-2025 - ൽ മറുപടിയ്ക്ക്**

**ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ ഭാഗമായി പേരാമ്പ്ര മണ്ഡലത്തിൽ അനുവദിച്ച സ്റ്റേഡിയത്തിന്റെ വിശദാംശവും ആയതിന്റെ പ്രവർത്തന പുരോഗതിയും വിശദമാക്കുമോ? | (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ആദ്യഘട്ടത്തിൽ പേരാമ്പ്ര നിയോജകമണ്ഡലത്തിൽ നൊച്ചാട് ഗ്രാമപഞ്ചായത്തിലെ വാർഡ്-1 കളിസ്ഥലം ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന പ്ലാൻ ഫണ്ട്, എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ട്, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഫണ്ട്, ഉണഭോക്തൃ വിഹിതം, കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ സി.എസ്.ആർ ഫണ്ട് തുടങ്ങിയ മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ട് സമാഹരിച്ചാണ് ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിലെ ഓരോ പ്രവൃത്തിക്കും ആവശ്യമായ തുക സമാഹരിക്കുന്നത്. നിലവിൽ ഈ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനായി ഫണ്ട് അനുവദിച്ചതായി ബന്ധപ്പെട്ട എം.എൽ.എ.യിൽ നിന്നോ ജില്ലാകളക്ടറിൽ നിന്നോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നോ അറിയിപ്പ് ലഭിക്കുന്ന മുറയ്ക്കാണ് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത്. ആയത് ലഭ്യമായാലുടൻ മേൽ പദ്ധതിക്കായുള്ള ഭരണാനുമതി എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന തയ്യാറാക്കുന്നതാണ് . |

സെക്ഷൻ ഓഫീസർ